**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 140** **08-08-2023 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലാ ഫയർ ഓഫീസ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മലപ്പുറം മുണ്ടുപറമ്പിലെ അഗ്നി സുരക്ഷാ നിലയത്തോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ജില്ല ഫയർ ഓഫീസ് നവീകരണത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | 2021-22 വർഷം മലപ്പുറം ജില്ലാ ഫയർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 1,16,00,000/- രൂപയുടെ റീകാൽക്കുലേറ്റ് ചെയ്ത റഫ് കോസ്റ്റ് എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിന് സമർപ്പിച്ചിരുന്നുവെങ്കിലും ബജറ്റ് വിഹിതം അധികരിച്ചിരുന്നതിനാൽ പ്രസ്തുത നിർമ്മാണ പ്രവർത്തിക്ക് ഭരണാനുമതി നൽകുവാൻ സാധിച്ചില്ല. 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലെ വാർഷിക പദ്ധതിയിൽ പ്രസ്തുത പ്രവർത്തി ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ നിലവിൽ നടപടി സ്വീകരിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പ്രവൃത്തിക്കായി 2018-19 വർഷത്തെ ബജറ്റ് പ്രോപ്പോസലിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച തൊണ്ണൂറ്റിയഞ്ച് ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ഇതിനായി മറ്റ ഫണ്ടുകൾ അനുവദിച്ചിട്ടുണ്ടോ; | (ബി) | പിരിവ് (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | ജില്ലാ ഫയർ ഓഫീസർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ സത്വര നടപടി സ്വീകരിക്കാമോ? | (സി) | ആയതിന്റെ ആവശ്യകത പരിശോധിച്ച് ആവശ്യമെങ്കിൽ മാത്രമേ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ